# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 313 09/04/2013 ൽ മറുപടിക്ക്

## പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>,, കെ. രാധാകൃഷ്ണൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീമതി. കെ. എസ്. സലീഖ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ സ്കൂൾ തലത്തിൽതന്നെ വിലയിരുത്തുകയും അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പൊതു വിദ്യാലയങ്ങളിൽ 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പഠനത്തിൽ സഹായിക്കാനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ IEDSS ന കീഴിൽ റിസോഴ്സ് അദ്ധ്യാപകർ, ആയമാർ, റിസോഴ്സ് റൂം, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, പഠനോപകരണങ്ങൾ, തെറാപ്പി സേവനങ്ങൾ, സഹായോപകരണങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ നല്കിവരുന്നുണ്ട്. |
| ബി) ഇവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കേന്ദ്ര | ബി) കേന്ദ്ര സർക്കാർ ഫണ്ട് നൽകിയിരുന്നു. അവ ചെലവഴിച്ചിട്ടുണ്ട്. 2012-13 |

| | | | |
|---|---|---|---|
| | സർക്കാർ എസ്.എസ്.എ പദ്ധതി വഴി ഫണ്ട് നൽകിയിരുന്നോ; എങ്കിൽ അനുവദിച്ച തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | സാമ്പത്തിക വർഷം 335.664 ലക്ഷം രൂപ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണവിതരണത്തിനായി 14 ജില്ലകൾക്കുമായി കേന്ദ്ര സർക്കാർ എസ്.എസ്.എ പദ്ധതി വഴി ഫണ്ട് അനുവദിച്ചിരുന്നു. ടി തുക മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. |
| സി) | മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശ്രവണശേഷിയില്ലാത്തവരുമായ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനും തെറാപ്പി നൽകുന്നതിനുമുള്ള വിദഗ്ധ അദ്ധ്യാപകരില്ലാത്ത സ്പെഷ്യൽ വിദ്യാലയങ്ങൾ നിലവിലുണ്ടെന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) | സംസ്ഥാനത്ത് അന്ധ-ബധിര വിദ്യാർത്ഥികൾക്കായി സർക്കാർ/എയ്ഡഡ് മേഖലയിൽ സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അത്തരം സ്കൂളുകളിൽ സ്പെഷ്യൽ ട്രെയിനിംഗ് യോഗ്യത നേടിയ അദ്ധ്യാപകർ ആവശ്യാനുസരണം നിലവിലുണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ / എയിഡഡ് മേഖലയിൽ സ്പെഷ്യൽ സ്കൂളുകൾ നിലവിലില്ല. പ്രസ്തുത വിഭാഗം കുട്ടികൾക്കായി സ്കൂളുകൾ നടത്തിവരുന്നത് നോൺ ഗവണ്മെന്റൽ ഓർഗനൈസേഷനുകളും (എൻ.ജി.ഒ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമാണ്(എൽ.എസ്.ജി). ഇത്തരം സ്കൂളുകളിലും സ്പെഷ്യൽ ട്രെയിനിംഗ് യോഗ്യത നേടിയ അദ്ധ്യാപകർ നിലവിലുണ്ട്. എന്നാൽ സ്പെഷ്യൽ ട്രെയിനിംഗ് യോഗ്യത നേടിയ അദ്ധ്യാപകരുടെ കുറവ് ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സ്പെഷ്യൽ ട്രെയിനിംഗ് യോഗ്യത നേടിയ അദ്ധ്യാപകർ യഥേഷ്ടം |

ഡി) ഇത്തരം വിദ്യാലയങ്ങളിൽ സ്ഥിരം സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ലഭ്യമല്ലാത്തതിനാലാണ് അത്തരം അദ്ധ്യാപകരുടെ കുറവ് ഉണ്ടായിട്ടുള്ളത്.

ഡി) എൻ.ജി.ഒ കളും എൽ.എസ്.ജി കളും നടത്തിവരുന്ന സ്കൂളുകളിൽ അദ്ധ്യാപകരെയും ജീവനക്കാരെയും നിയമിക്കുന്നത് പ്രസ്തുത എൻ.ജി.ഒ / എൽ.എസ്.ജി തന്നെയാണ്. പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ അംഗീകാരം നൽകുന്നില്ല. എന്നാൽ സ്ഥാപനങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന ലഭിക്കുന്ന സാമ്പത്തിക സഹായത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക ഓണറേറിയമായി നൽകിവരുന്നു.

[signature]
സെക്ഷൻ ഓഫീസർ.